# കണ്ണൂർ സർവ്വകലാശാല

# (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2022 കെ. യു എച്ച്. ക്യു., തീയതി: 28.10.2023

**പ്രസിദ്ധീകരണത്തിന്**

## പുനർമൂല്യനിർണയ ഫലം

**ഒന്നാം സെമസ്റ്റർ ബിരുദ** (നവംബർ 2022) പരീക്ഷകളുടെ പുനർമൂല്യനിർണയ ഫലം സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുനർമൂല്യനിർണയം പൂർത്തിയായ ഫലങ്ങളാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. പൂർണഫലപ്രഖ്യാപനം മൂല്യനിർണയം പൂർത്തിയാകുന്ന മുറയ്ക്ക് നടത്തുന്നതാണ്. റഗുലർ വിദ്യാർത്ഥികൾ അവരുടെ പുതിയ മാർക്കുകൾ ചേർത്ത് ലഭിക്കുന്നതിനായി പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല. എന്നാൽ ഈ ഫലം ലഭിച്ചതോടെ ബിരുദം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾ അവർക്ക് ലഭിച്ചിട്ടുള്ള ഫൈനൽ ഗ്രേഡ്/മാർക്ക് കാർഡും, റിസൽട്ട് മെമ്മോയുടെ ഡൌൺലോഡ് ചെയ്ത പകർപ്പും സഹിതം, മാർക്ക് ലിസ്റ്റ് പുതുക്കി ലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

## ടൈംടേബിൾ

ചുവടെ ചേർത്ത പരീക്ഷകളുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

- **രണ്ടാം സെമസ്റ്റർ ബിരുദം (പ്രൈവറ്റ് രെജിസ്ട്രേഷൻ** –റെഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് ) ഏപ്രിൽ 2023
- **മൂന്നാം സെമസ്റ്റർ ബി എഡ്** (റെഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ്) നവംബർ 2023
- **ഒന്നാം സെമസ്റ്റർ പി ജി ഡിപ്ലോമ ഇൻ യോഗ എഡ്യൂക്കേഷൻ** , നവംബർ 2022

## പരീക്ഷ ഫലം

അഫിലിേയറ്റഡ് കോളേജുകളിലെ **രണ്ടാം സെമസ്റ്റർ എം.എസ്.സി** (ന്യൂ ജെനെറേഷൻ ഉൾപ്പെടെ ) ഏപ്രിൽ 2023 (റെഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് ) പരീക്ഷകളുടെ ഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഉത്തരക്കടലാസ് പുനർമൂല്യ നിർണ്ണയം/സൂക്ഷ്മ പരിശോധന/പകർപ്പ് ലഭ്യമാക്കൽ എന്നിവയ്ക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 09/11/2023, 05 PM വരെ

## <u>വാചാ പരീക്ഷ</u>

**രണ്ടാം സെമസ്റ്റർ  പി ജി ഡിപ്ലോമ ഇൻ കൗൺസിലിങ് സൈക്കോളജി** ( റഗുലർ / സപ്ലിമെന്ററി ), മെയ് 2023  പരീക്ഷയുടെ ഭാഗമായുള്ള  വാചാ പരീക്ഷ തൃക്കരിപ്പൂർ ഫാപ്പിൻസ് കമ്മ്യൂണിറ്റി കോളേജ് ഓഫ് ബിഹേവിയറൽ മാനേജ്മെന്റ് ൽ  നവംബർ 7 നും തളാപ്പ്, ഹൃദയാരാം കമ്മ്യൂണിറ്റി കോളേജ് ഓഫ് കൗൺസിലിങ് ൽ നവംബർ 8 ,9 തിയ്യതികളിലും നടത്തുന്നതാണ്. രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ കോളേജുമായി ബന്ധപ്പെടേണ്ടതാണ്

**ഒപ്പ് /–**

**ഡെപ്യൂട്ടി  രജിസ്ട്രാർ I**

**പരീക്ഷാ വിഭാഗം.**